LIBRARY ARCHIVES Kerala Legislative Assembly

ജയിൽ നിരാഹാര സത്യാഗ്രഹം

*൭൨൯. (൬൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിനുശേഷം സെൻട്രൽ ജയിലിൽ ആരെങ്കിലും നിരാഹാരവ്രതം തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം;

(സി) കാരണമെന്ത്;

(ഡി) അവ എങ്ങനെ അവസാനിച്ചു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ശ്രീ. എൻ. ശ്രീകണ്ഠൻനായർ.

(സി) 'ബി' ക്ലാസ്സ തടവുകാരനായി പരിഗണിക്കുന്നതിനുവേണ്ടി.

(ഡി) നിരാഹാരവ്രതം പിൻവലിക്കുകയും 'ബി' ക്ലാസ്സ അനുവദിക്കുകയും ചെയ്തു.

പഞ്ചായത്തു ജഡ്ജിമാർ

*൭൩൦. (൬൩) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പഞ്ചായത്തു ജഡ്ജിമാരേയും ബഞ്ചുമജിസ്ട്രേട്ടന്മാരേയും നോമിനേററ ചെയ്യുന്നതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണ് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

പഞ്ചായത്തു ജഡ്ജിമാരുടെയും ബഞ്ചു മജിസ്ട്രേട്ടന്മാരുടെയും ഓരോ ഒഴിവുകളിൽ നിയമിക്കപ്പെടാൻ യോഗ്യതയും സമ്മതവുമുള്ള മൂന്നാളുകളുടെ പേരുകൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഗവമ്മെണ്ടിലേക്ക് റിപ്പോർട്ടു ചെയ്യുന്നതിൽനിന്ന് ഒരാളെ ഗവമ്മെണ്ടു നിയമിക്കുന്നു.

ഭക്ഷ്യധാന്യ സബ്സിഡി

*൭൩൧. (൬൪) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യ സബ്സിഡി കുറക്കുന്നതാണെന്ന് ഇൻഡ്യാഗവമ്മെണ്ട് തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടിനെ അറയിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം സബ്സിഡി കുറക്കുമെന്നു പറയുവാൻ കാരണം എന്താണെന്ന് പറയാമോ;

(സി) സബ്സിഡിയിൽ എന്തുമാത്രം കുറവു ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളതെന്ന് പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന് കിട്ടിക്കൊണ്ടിരുന്ന സബ്സിഡിയിൽ കേന്ദ്രഗവമ്മെണ്ടിന്റെ പുതിയ സബ്സിഡി പദ്ധതി അനുസരിച്ചു കുറവു സംഭവിക്കുന്നതാണ്.